DESPATCHED On 30/11/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 283(2)/2020/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 2559/എസ്.ഐ.സി-ജി 6/2020)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ ജേക്കബ് തോമസ്,
വടക്കേടത്ത്, പാലപ്ര,
വേങ്ങത്താനം പി.ഒ.,
കോട്ടയം-686512.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഹെഡ് ക്ലാർക്ക്,
ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,
കാഞ്ഞിരപ്പള്ളി, കോട്ടയം-686507.

2. അപ്പീൽ അധികാരി&
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,
കാഞ്ഞിരപ്പള്ളി, കോട്ടയം-686507.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19/12/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06/01/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10/01/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14/02/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17/02/2020 |
| ഹിയറിംഗ് നടന്ന തീയതി | 27.10.2020, ഓഡിയോ ഹിയറംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജേക്കബ് തോമസ്,

14/02/2020 സമർപ്പിച്ച അപ്പീൽ ഹർജി 17/02/2020 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.283(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽഅപേക്ഷയ്ക്കും ലഭിച്ച മറുപടി തൃപ്തികരമല്ല എന്നും രണ്ടാം അപ്പീൽ അധികാരിയുടെ വിലാസം നൽകിയിട്ടില്ലെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 19/12/2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ഉദ്യോഗസ്ഥർ നേരിട്ട് സ്ഥലത്ത് നടത്തിയ അന്വേഷണത്തിൽ നിന്നും 1995നും 1997നും ഇടയിൽ ശ്രീമതി.ചെല്ലമ്മ ശിവരാമപിള്ള മുണ്ടയ്ക്കൽ എന്നയാൾ ദാനമായി വിട്ടുനൽകിയ സ്ഥലത്താണ് കുളം നിർമ്മിച്ചത് എന്നാണെന്നു ഏതെല്ലാം രേഖകളും ഫയലുകളും റിക്കോർഡുകളും പരിശോധിച്ച് മനസ്സിലാക്കി എന്നത് സംബന്ധിച്ച റിക്കോർഡുകളുടെയും രേഖകളുടെയും ഫയലുകളുടെയും പകർപ്പ് എന്നിവ ലഭ്യമാക്കണമെന്നും

ii. ശ്രീമതി ചെല്ലമ്മ ശിവരാമപിള്ള മുണ്ടയ്ക്കൽ എന്നയാൾ ദാനമായി വിട്ടുനൽകിയ സ്ഥലത്താണ് കുളം നിർമ്മിച്ചതെന്ന് ഏതെല്ലാം എന്തൊക്കെ രേഖകളിൽ നിന്നും ഫയലുകളിൽ നിന്നു റിക്കോർഡുകളിൽ നിന്ന് മനസ്സിലാക്കി എന്നത് സംബന്ധിച്ച് ഫയലുകളുടെയും രേഖകളുടെയും പേരുവിവരം ലഭ്യമാക്കണമെന്നും

iii. ഒന്നാം എതിർകക്ഷി കൃത്യമായി ഫയലുകളും രേഖകളും റിക്കോർഡുകളും സൂക്ഷിക്കുന്ന എന്ന് അവകാശപ്പെടുന്ന സ്ഥിതി ഈ കത്തിന്റെ കരാർ ഉടമ്പടിയുടെ കോപ്പി,

സംരക്ഷണഭിത്തിയുടെ കരാർ ഉടമ്പടി, കുളം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ രേഖ എന്നിവയുടെ പകർപ്പ് ലഭ്യമാക്കണമെന്നും ആണ്.

ടി അപേക്ഷയിൽ 06/01/2020 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും 29/01/2020 തീയതി അപ്പീൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച 16/03/2020-ലെ റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ, ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിൽ ഒന്നിലും പാറത്തോട് പഞ്ചായത്തിലെ ഒരു കുളം എന്നല്ലാതെ ആരു പണിതു, ഏത് സ്കീമീൽ, ഏതു വർഷം എന്നൊന്നും വ്യക്തമല്ലായിരുന്നെന്നും ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ റിക്കാർഡുകളും ഡിജിറ്റലൈസ് ചെയ്തും, പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചും സൂക്ഷിക്കുന്ന സാഹചര്യത്തിൽ മേൽ പറഞ്ഞ പ്രകാരമുള്ള പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ചതായി കാണുന്നില്ല എന്നും ഹർജിക്കാരൻ പറയുന്ന പേരിൽ ഒരു കുളമുണ്ടോയെന്ന് ഒന്നാം എതിർകക്ഷി കാര്യാലയത്തിലെ ഉദ്യോഗസ്ഥർ അന്വേഷിച്ച് കണ്ടെത്തിയതാണെന്നും ഹർജിക്കാരൻ മുപ്പതിലേറെ തവണ തുടർച്ചയായി ഒരേ ചോദ്യം തന്നെ ദീർഘമായും അവ്യക്തമായും മറുപടി എഴുതാൻ നിർവ്വാഹമില്ലാത്ത വിധവും ചോദിച്ചിട്ടും തികഞ്ഞ ആത്മാർത്ഥതയോടെ അന്വേഷിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുളളതാണ്. എതിർകക്ഷി കാര്യാലയത്തിലെ റിക്കാർഡുറൂമിൽ സൂക്ഷിച്ചിരിക്കുന്ന ഇരുപതിനായിരത്തിലധികം ഫയലുകളുടെ വിവരങ്ങൾ പൗരന്റെ അറിയുവാനുള്ള എല്ലാ അവകാശങ്ങളും പൂർണ്ണതയിൽ എത്തുവാൻ വേണ്ടി ബ്ലോക്ക് പഞ്ചായത്ത് **<u>www.lsgkerala.in-kanjairappallyblock</u>** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നുമാണ്. 4 തവണ ടി വിഷയം തീർപ്പാക്കി ഉത്തരവായിട്ടുള്ളതും എതിർകക്ഷി കാര്യാലയത്തിൽ മതിയായ ജീവനക്കാരില്ലാത്ത അവധി സമയത്തും രാത്രി സമയത്തും ഇരുന്ന് ജോലികൾ ചെയ്തു തീർക്കുന്ന സാഹചര്യം കണക്കിലെടുത്ത് ടി വിഷയത്തിൽ ഇനിയും

ലഭിക്കുന്ന അപേക്ഷകൾക്ക് നേരിൽ ഹാജരായി വിവരം ശേഖരിക്കുവാൻ ഹർജിക്കാരന് രേഖാമൂലം ഉത്തരവ് നൽകിയിട്ടുള്ളത് ടിയാനെ അറിയിച്ചിട്ടുണ്ടെന്നും ഉത്തരവ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്. രണ്ടാം അപ്പീൽ അധികാരിയുടെ അഡ്രസ്സ് രേഖപ്പെടുത്താൻ ഒരിക്കലും വിട്ടുപോകരുതാത്തതായിരുന്നു എന്നും മനഃപൂർവ്വമല്ലാത്ത വീഴ്ച മേലിൽ ആവർത്തിക്കില്ലെന്നും ആണ്.

5.അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 15.10.2020ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ലെന്നും നേരിട്ട് ഹാജരായി പരിശോധിക്കാനാണ് ആവശ്യപ്പെട്ടതെന്നും അപ്പീൽ തീർപ്പാക്കി മറുപടി നൽകിയില്ലെന്നുമാണ് ടിയാന്റെ ആക്ഷേപമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. എങ്കിലും മുഖ്യ വിവരാവകാശ കമ്മീഷണർ ഹിയറിംഗ് നടത്തി ഉത്തരവായതിന്റെ അടിസ്ഥാനത്തിലും മൊഴികളും അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരനോട് നേരിട്ട് ഓഫീസിൽ ഹാജരായി രേഖകൾ പരിശോധിക്കണമെന്ന് നിർദ്ദേശം നൽകി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 നവംബർ 06–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
BM

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM